# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:4245 — 24.06.2019-ലെ മറുപടി

## ജല അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അനിൽ അക്കര | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരള ജല അതോറിറ്റി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണോ യെന്നറിയിക്കാമോ; | (എ) | കേരള ജല അതോറിറ്റി രൂപീകരണ കാലം മുതൽ തന്നെ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാരിൽ നിന്നും നൽകി വരുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിന് ഒരു പരിധി വരെ സഹായകമാകുന്നത്. വർഷാവർഷം വർദ്ധിച്ചുവരുന്ന ശമ്പളം, പെൻഷൻ, അറ്റകുറ്റപ്പണികളുടെ ചെലവ്, വൈദ്യുതി ചെലവ്, വായ്പാതിരിച്ചടവ് (പലിശ ഉൾപ്പെടെ) എന്നിവയ്ക്ക് അനുസൃതമായി കുടിവെള്ളക്കരത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല. 01.10.2014-ൽ പ്രാബല്യത്തിൽ വന്ന പുതുക്കിയ വെള്ളക്കര നിരക്കിൽ പ്രതിമാസം 15 കി.ലി. വരെ ഉപയോഗിക്കുന്ന ഉപഭോക്താവിനെ വർദ്ധനവിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് എന്നതും വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്നു. |
| (ബി) | വെള്ളക്കരം വർദ്ധിപ്പിക്കാതെ തന്നെ ജല അതോറിറ്റിയെ ലാഭത്തിലെത്തിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; | (ബി) | കേരള വാട്ടർ അതോറിറ്റി നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് 2016-17 ബജറ്റ് പ്രഖ്യാപനം അനുസരിച്ച് വാട്ടർ അതോറിറ്റി നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും സർക്കാർ എഴുതി തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമായി മാറ്റുകയും ചെയ്തു. ഇതിനോടനുബന്ധിച്ച് 2015-16 വരെ വാട്ടർ അതോറിറ്റി സർക്കാരിന് നൽകുവാനുള്ള വായ്പ തുകയായ 2281.57 കോടി രൂപ മൂലധനമാക്കി മാറ്റാനും അതിന്റെ 31.03.2016 വരെയുള്ള പലിശയായ 1449.85 കോടി രൂപ എഴുതി തള്ളാനുമുള്ള ജല അതോറിറ്റിയുടെ നിർദ്ദേശം |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | സർക്കാർ പരിശോധിച്ച് വരികയാണ്<br>30.9.2018 വരെയുള്ള കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജിനത്തിലുള്ള കുടിശ്ശികയായി കെ. എസ്.ഇ.ബി യ്ക്ക് നൽകുവാനുള്ള 1326.69 കോടി രൂപ സർക്കാർ തലത്തിൽ 4 വർഷമായി തീർപ്പാക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകുവാനുള്ള വെള്ളക്കര കുടിശ്ശിക 6% പലിശയിനത്തിൽ പുന:ക്രമീകരിച്ച്, ഗഡുക്കളായി 118.28 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാന്റിൽ നിന്ന് കുറവ് വരുത്തി ആ തുക വാട്ടർ അതോറിറ്റി മുഖേന കെ.എസ്.ഇ.ബിയ്ക്ക് നൽകാനും ഉത്തരവായിട്ടുണ്ട്.<br>കൂടാതെ പിരിഞ്ഞുകിട്ടാത്ത കുടിശ്ശിക തുകകൾ സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനായി ഉപഭോക്താക്കൾക്ക് യഥാസമയം ബില്ലുകൾ നൽകുകയും കുടിശ്ശിക വരുന്നവർക്ക് ഡിസ്കണക്ഷൻ നോട്ടീസ് നൽകി കണക്ഷൻ വിച്ഛേദിക്കുകയും, റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. വാട്ടർ കണക്ഷൻ വിച്ഛേദിക്കുന്നത് സംബന്ധിച്ച അറിയിപ്പുകൾ ദൃശ്യശ്രാവ്യ മാധ്യമങ്ങളിൽ കൂടി യഥാസമയം നൽകി വരുന്നു .<br>വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകൾ നൽകിയും വരുമാനം വർദ്ധിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ 2018-19 സാമ്പത്തിക വർഷം വെള്ളക്കരം ഇനത്തിൽ ഉപഭോക്താക്കളിൽ നിന്നും 545.38 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 88.60 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്. കുടിവെള്ള പദ്ധതികളുടെ റിങ്ങ് ഫെൻസ്ഡ് അവലോകന ത്തിലൂടെ ഇവയുടെ കാര്യക്ഷമതയും ഇതിൽ നിന്നുള്ള വരവ് ചെലവ് താരതമ്യ പഠനവും നടത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കു ന്നതാണ്. റവന്യൂ വർദ്ധിപ്പിക്കുന്നതിനായി ഡിവിഷൻ തലത്തിൽ കണക്ഷനുകൾക്കനുസൃതമായി റവന്യൂ ടാർജറ്റുകൾ നൽകിയിട്ടുണ്ട്. ഇത് കൃത്യമായി പിരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ റവന്യൂ മീറ്റിംഗുകൾ നടത്തുന്നുണ്ട്. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി ഗുണമേന്മയുള്ളവ സ്ഥാപിച്ച് ജലനഷ്ടം കുറച്ചും പുതുതായി നിർമ്മിക്കുന്ന പമ്പുഹൗസ് കളിൽ ചിലതിൽ ഓട്ടോ മാറ്റിക്ക് സിസ്റ്റം സ്ഥാപിച്ചും വേതന ചെലവ് പരമാവധി കുറച്ചും വെള്ളക്കരം വർദ്ധിപ്പിക്കാതെ തന്നെ വാട്ടർ അതോറിറ്റിയുടെ നഷ്ടം പരമാവധി കുറച്ചു കൊണ്ടുവരുവാൻ പരിശ്രമിക്കുന്നു .<br>പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജല വിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് വേണ്ടി കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ വിവിധ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ജലചോർച്ച മൂലമുണ്ടാകുന്ന നഷ്ടം കുറച്ച് വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. |
| (സി) | കരാറുകാർക്ക് നിലവിൽ എത്ര കോടി കുടിശ്ശികയുണ്ട്; | (സി) | കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയ വകയിലും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് വകയിലുമായി 472.71 കോടി രൂപയുടെ ബില്ലുകൾ കുടിശ്ശിക ഉണ്ട്. |
| (ഡി) | കുടിശ്ശിക തീർക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കില്ലായെന്ന കരാറുകാരുടെ നിലപാട് വാട്ടർ അതോറിറ്റിയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഇത് മറികടക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്? | (ഡി) | കുടിശ്ശിക ലഭ്യമാക്കാത്തതിനാൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെട്ട പ്രവൃത്തികൾ ചില മേഖലയിലെ കരാറുകാർ ഏറ്റെടുക്കാതെ വന്നിട്ടുണ്ട്. ഇതു കാരണം സമയ ബന്ധിതമായി പല പദ്ധതികളും പൂർത്തിയാക്കാൻ സാധിക്കാതെ വരാറുണ്ട്. കുടിശ്ശിക മറികടക്കുന്നതിന് കരാറുകരുടെ ബിൽതുകയ്ക്ക് അനുസൃതമായ തുക കേരള വാട്ടർ അതോറിറ്റി ബാങ്ക് ലോൺ എടുത്ത് ആവശ്യപ്പെടുന്ന കരാറുകാർക്ക് നൽകുന്നുണ്ട്. ബഡ്ജറ്റ് വിഹിതം അനുവദിക്കുന്ന മുറയ്ക്ക് ബില്ലുകളുടെ സീനിയോറിറ്റി അനുസരിച്ച് 8.8% പലിശ സഹിതം കേരള ജല അതോറിറ്റി ഈ തുക തിരിച്ചടച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ